## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1612** — **5.12.2014-ൽ മറുപടിക്ക്**

### സംസ്ഥാനത്ത് ഇ-വേസ്റ്റ് നിർമ്മാർജനത്തിനുളള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ എ നെല്ലിക്കുന്ന് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഉദ്ഭവിക്കുന്ന ഇ-വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുവാൻ നഗരകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ക്ലീൻ കേരള കമ്പനി മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള ഹൈദരാബാദ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ക്ലീൻ കേരള കമ്പനി, ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ചു ശാസ്ത്രീയമായി സംസ്കരിക്കുവാൻ കരാറിലേർപ്പെടുകയും, സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങിയിട്ടുമുണ്ട്. |
| (ബി) സംസ്ഥാനത്ത് നിലവിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ എത്രത്തോളം ഉണ്ടെന്നും പ്രതിവർഷം എത്ര ടൺ മാലിന്യം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട് എന്നതിന്റെയും കണക്ക് ശേഖരിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| സി) സംസ്ഥാനത്തെ ഇ-വേസ്റ്റ് രഹിതമാക്കുന്നതിനും, വേസ്റ്റ് ശേഖരണം, കൈമാറ്റം, എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) സംസ്ഥാനത്തെ ഇ-വേസ്റ്റ് രഹിതമാക്കുന്നതിനും, വേസ്റ്റ് ശേഖരണം, കൈമാറ്റം, എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ശുചിത്വമിഷനും, ക്ലീൻ കേരള കമ്പനിയും മുഖേന സർക്കാർ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ